# അച്യുതം

ODUNGOT ACHUTHAVILASAM L.P. SCHOOL
P.O. MAVILAYI

നല്ല മനസ്സ്
നല്ല ചിന്ത
നല്ല പ്രവൃത്തി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒടുങ്ങോട് അച്യുതവിലാസം
## എൽ പി സ്കൂൾ




**അക്കാദമിക മികവ്...വിദ്യാലയ മികവ്**

# ആമുഖം

നവകേരളമിഷന്റെ ഭാഗമായി കേരള സർക്കാർ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാഭ്യാസ രംഗത്ത് നല്ല ചലനം -മാറ്റം സൃഷ്ടിച്ചിരിക്കുകയാണ്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയാണ്. സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കെല്ലാം ഉറപ്പാക്കുക എന്നതാണ് നാം ലക്ഷ്യമാക്കുന്നത്. കേരളത്തിന്റെ തനിമയെന്ന് നാമെല്ലാം കരുതുന്ന മത നിരപേക്ഷ ജനാധിപത്യ മൂല്യബോധം നമ്മുടെ മക്കളിലും ഉളവാക്കാൻ സഹായകരമായ പഠനാന്തരീക്ഷം നാം ഉറപ്പു വരുത്തേണ്ടതുണ്ട്. ആത്മവിശ്വാസത്തോടെ നേടിയ അറിവിനെ ജീവിതവുമായി ബന്ധിപ്പിക്കാനും ഭാവിജീവിതത്തിൽ പ്രയോജനപ്പെടുത്താനും ഉളള കഴിവും ശേഷിയും വികസിപ്പിക്കുക എന്നതും വളറെപ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സാധ്യതകൾ വച്ച് ചെയ്യാൻ പറ്റാവുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വൈവിധ്യമാർന്നതും തനിമയുളളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും നമ്മുടെ വിദ്യാലയത്തെ നമ്മുക്ക് മികവുറ്റതാക്കി തീർക്കാം. വ്യക്തമായ കാഴ്ചപ്പാടോടെയുളള ശക്തമായ ഇടപെടലുകളിലൂടെ പ്രകടമായ മാറ്റം സാധ്യമാക്കാം . നമ്മുക്ക് ഒത്തൊരുമിച്ച് ഈ ദൗത്യം ഏറ്റെടുക്കാം.

വിപിഷ ഇ.പി.

ഹെഡ്മിസ്ട്രസ്

ഒടുങ്ങോട് അച്യുതവിലാസം എൽ പി സ്കൂൾ

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | : ഒടുങ്ങോട് അച്യുതവിലാസം എൽ പി സ്കൂൾ |
| 2 | വിലാസം | : മാവിലായി പി ഒ, കണ്ണൂർ– 670662 |
| 3 | ഫോൺ | : 9495328875 |
| 4 | സ്കൂൾ കോഡ് | : 13178 |
| 5 | വിദ്യാഭ്യാസ ഉപജില്ല | : കണ്ണൂർ സൗത്ത് |
| 6 | വിദ്യാഭ്യാസ ജില്ല | : കണ്ണൂർ |
| 7 | റവന്യൂ ജില്ല | : കണ്ണൂർ |
| 8 | ബി. ആർ സി. | : കണ്ണൂർ സൗത്ത് |
| 9 | സി . ആർ സി. | : പെരളശ്ശേരി |
| 10 | ഗ്രാമപഞ്ചായത്ത് | : പെരളശ്ശേരി (16ാംവാർഡ് ) |
| 11 | ബ്ലോക്ക് പഞ്ചായത്ത് | : എടക്കാട് |
| 12 | ജില്ലാ പഞ്ചായത്ത് | : കണ്ണൂർ |
| 13 | നിയമസഭാമണ്ഡലം | : ധർമ്മടം |
| 14 | ലോകസഭാമണ്ഡലം | : കണ്ണൂർ |
| 15 | താലൂക്ക് | : കണ്ണൂർ |
| 16 | വില്ലേജ് | : മാവിലായി |
| 17 | ഇ –മെയിൽ | : udungotavlps@gmail.com |

# ഒടുങ്ങോട് അച്യുത വിലാസം എൽ.പി.സ്കൂൾ

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ 16 ാം വാർഡ് ഒടുങ്ങോട്ട് പ്രദേശത്താണ് ഒടുങ്ങോട് അച്യുത വിലാസം എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. കുന്നുകളാലും നീർച്ചാലുകളാലും ചുറ്റപ്പെട്ട പ്രദേശമാണിത്. സ്കൂളിൽ ലഭ്യമായ രേഖകൾ പ്രകാരം 1930 ലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. എന്നാൽ നമ്മുടെ വിദ്യാലയത്തിന് നൂറ് വർഷത്തിലേറെ പഴക്കമുണ്ടെന്ന് പഴമക്കാർ പറയുന്നു. അന്നും ഇന്നും സമൂഹത്തിലെ സാധാരണക്കാരായ ആളുകളുടെ കുട്ടികൾക്കുള്ള ഏക പഠനാശ്രയ കേന്ദ്രമാണ് ഈ വിദ്യാലയം. ശ്രീ. വയനാൻ രാമൻ എന്നവരാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. ഒടുങ്ങോട് വാണിവിലാസം എയ്ഡഡ് എലിമെന്ററി സ്കൂൾ എന്നായിരുന്നു ആദ്യത്തെ പേര്. 1945 ൽ മകൾ പുതുക്കുടി മാധവിക്ക് മാനേജ്മെന്റ് കൈമാറ്റം ചെയ്തു. അവരുടെ ഭർത്താവായ പി.അച്യുതൻ മാസ്റ്റർ സ്കൂൾ നടത്തിപ്പ് ഏറ്റെടുത്തു. തുടർന്ന് ഒടുങ്ങോട്ട് അച്യുത വിലാസം എൽ.പി.സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. വിദ്യാഭ്യാസ പരമായും സാമ്പത്തികപരമായും വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമായിരുന്നു ഇത്. പി. അച്യുതൻ മാസ്റ്റർ, കുണ്ടത്തിൽ കല്യാണി ടീച്ചർ, മലേനാണ്ടി കല്യാണി ടീച്ചർ, കുമാരൻ മാസ്റ്റർ, കെ.വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, എം,വിമലകുമാരി ടീച്ചർ, പി.വി. കൃഷ്ണൻ മാസ്റ്റർ, ഒ.പി.ശൈലജ ടീച്ചർ, കെ.വി. രജനി ടീച്ചർ, കമലാക്ഷി ടീച്ചർ എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ അധ്യാപകരാണ്. 2005 ൽ പി. മാധവി അമ്മ അവരുടെ മകളായ പി.ധനലക്ഷ്മിക്ക് സ്കൂൾ മാനേജ്മെന്റ് കൈമാറ്റം ചെയ്തു. പി. ധനലക്ഷ്മിയാണ് സ്കൂളിന്റെ

ഇപ്പോഴത്തെ മാനേജർ പൊതു വിദ്യാഭ്യാസം സംരക്ഷിക്കുക, പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. സാധ്യമായ ഏറ്റവും നല്ല വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കെല്ലാം ഉറപ്പാക്കുക എന്ന താണ് നാം ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിന്റെ തനിമയെന്ന് നാം എല്ലാം കരുതുന്ന മതനിരപേക്ഷ- ജനാധിപത്യ മൂല്യബോധം നമ്മുടെ മക്കളിലും ഉളവാക്കാൻ സഹായകമായ പഠനാന്തരീക്ഷം നാം ഉറപ്പുവരു ത്തുന്നു.

ആദ്യകാലത്ത് നമ്മുടെ വിദ്യാലയത്തിന്റെ മേൽക്കൂര ഓല മേഞ്ഞ തായിരുന്നു. പിന്നീട് മേൽക്കൂര മാറ്റി ഓടിട്ടു. മൺതറമാറ്റി സിമന്റിട്ടു. 2007- ൽ മേൽക്കൂര പുതുക്കി പണിതു. 2012-ൽ വീണ്ടും മേൽക്കൂര മാറ്റി ഇരുമ്പു കെട്ടാക്കി മാറ്റി. സ്കൂൾ ചുമർ ചെത്തി തേപ്പ് നടത്തി ഭംഗിയാ ക്കി. പാചകപ്പുര പണിതു. ടോയ്‌ലറ്റുകൾ നിർമ്മിച്ചു. 2018-ൽ സ്കൂൾ നിലം ടൈൽസ് വിരിച്ചു. മുറ്റം ഇന്റർലോക്ക് ചെയ്തു. കൈ കഴുകാ നുള്ള സ്ഥലം ഒരുക്കി. 2020-ൽ ചുറ്റുമതിൽ നിർമ്മാണം തുടങ്ങി. 2021 -ൽ പൂർത്തീകരിച്ചു. പ്രീ- പ്രൈമറി ക്ലാസിന് വേണ്ട ചെറിയ ഒരു മുറി ഒരുക്കി. പ്രീ - പ്രൈമറി ക്ലാസ് ആരംഭിച്ചു.

ഭൗതികപരമായും അക്കാദമികപരമായും ഒരുപാട് പുരോഗമിക്കാൻ സാധിച്ചെങ്കിലും കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ വലിയ വർദ്ധന വുണ്ടാക്കാൻ പല കാരണങ്ങൾ കൊണ്ടും സാധിക്കുന്നില്ല എന്നത് നമ്മുടെ വലിയ പ്രയാസമാണ്. കഴിഞ്ഞ 10 വർഷമായി തുടർച്ചയായി എല്ലാവർഷവും നമ്മുടെ കുട്ടികൾക്ക് എൽ.എസ്.എസ് വിജയികളാവാൻ സാധിക്കുന്നു എന്നത് വലിയ നേട്ടമാണ്. കലാ-കായിക മേളകളിലും,

പ്രവൃത്തി-ശാസ്ത്ര- ഗണിതശാസ്ത്ര മേളകളിലും നല്ല പങ്കാളിത്തം ഉറപ്പിക്കാനും മികവ് കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

കുട്ടികളിൽ നേതൃഗുണം, സാമൂഹ്യബോധം ആത്മവിശ്വാസം, ശാസ്ത്രബോധം, സർഗാത്മകത എന്നിവ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 'കിളിക്കൂട്' എന്ന പേരിൽ എല്ലാ വർഷവും സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നു. കഴിഞ്ഞ പത്തു വർഷമായി എല്ലാ വർഷവും ('കോവിഡ് കാലത്തൊഴികെ') കർഷകരെ ആദരിക്കൽ, വയോജനങ്ങളെ ആദരിക്കൽ, പഠന മികവ് തെളിയിച്ച കുട്ടികളെ അനുമോദിക്കൽ എന്നീ പരിപാടികൾ നടത്തി വരുന്നു. കഴിഞ്ഞ പ്രളയ കാലത്തും കോവിഡ് മഹാമാരി കാലത്തും ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ഈ കാലത്ത് വളരെ മഹത്തരമായ സേവനങ്ങൾ അനുഷ്ഠിച്ച പൊതു പ്രവർത്തകർ, ആശവർക്കർമാർ ഹരിത സേനാ അംഗങ്ങൾ എന്നിവരെ ആദരിച്ചു.

കെ.കെ.നാരായണൻ എം.എൽ.എയുടെ വികസന ഫണ്ടിൽ നിന്ന് 2015 -16 വർഷം 2 കമ്പ്യൂട്ടറുകളും ധർമ്മടം എം.എൽ.എ യും കേരള മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ വികസന ഫണ്ടിൽ നിന്ന് 2017 -18 വർഷം ഒരു ലാപ്ടോപ് ഒരു പ്രൊജക്ടറും, ശാസ്ത്രകിറ്റും ലഭിച്ചിട്ടുണ്ട്. ശ്രീമതി ടീച്ചർ എം.പിയുടെ വികസന ഫണ്ടിൽ നിന്ന് 2018 -19 വർഷം ഒരു കമ്പ്യൂട്ടറും, ഒരു പ്രൊജക്ടറും ലഭിച്ചിട്ടുണ്ട്. കൂടാതെ കൈറ്റിന്റെ വകയായി രണ്ട് ലാപ്ടോപ്പും, ഒരു പ്രൊജക്ടറും ലഭിച്ചിട്ടുണ്ട്.

202425 അധ്യയന വർഷം  വാർഷീകാഘോഷ പരിപപാടിയിൽ  ബാക്കിവന്ന തുകയും അതേവർഷം നാലാം തരത്തിൽ നിന്ന് ഉന്നത പഠനത്തിനായി മറ്റ് വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ രക്ഷിതാക്കളും ചേർന്ന് സ്കൂളിന് ഒരു പ്രിന്റർ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| മാനേജർ | : | ധനലക്ഷ്മി പി |
| ഹെഡ്മിസ്ട്രസ് | : | വിപിഷ ഇ പി |
| സഹ അധ്യാപകർ | : | ധന്യ സി പി |
| | | രേഷ്മ ആർ |
| | | സ്വാതി സദാനന്ദൻ |
| പാചക തൊഴിലാളി | : | സന്ധ്യ എം |
| പ്രീ പ്രൈമറി | : | മനീഷ |

<u>രക്ഷാകർതൃ സമിതി</u>

| | | |
|---|---|---|
| പി. ടി എ പ്രസിഡന്റ് | : | ജീന എം കെ |
| വൈസ് പ്രസിഡന്റ് | : | രസ്ന വിജേഷ് |
| മദർ പി ടി എ  പ്രസിഡന്റ് | : | രജനി ബിജു |
| വൈസ് പ്രസിഡന്റ് | : | സൂര്യ കെ |

<u>വിദ്യാലയ  സംരക്ഷണ സിമിതി</u>

| | | |
|---|---|---|
| രക്ഷാധികാരികൾ | : | പി .ധനലക്ഷ്മി ( മാനേജർ) |
| ചെയർമാൻ | : | വിപിഷ ഇ പി (ഹെഡ്മിസ്ട്രസ്) |
| വൈസ് ചെയർമാൻ | : | എ ഭരതൻ |
| കൺവീനർ | : | കെ . കെ .സജീവൻ |
| ജോ. കൺവീനർ | : | കെ. രാജേഷ് |

<u>പൂർവ്വ വിദ്യാർത്ഥി സംഘടന</u>

| | | |
|---|---|---|
| ചെയർമാൻ | : | കെ. കെ. സുരേഷ് ബാബു |
| കൺവീനർ | : | രാജേഷ് കെ വി |

## 2024-25

| Class | Boys | Girls | Total |
|---|---|---|---|
| I | 4 | 4 | 8 |
| II | 3 | 0 | 3 |
| III | 3 | 6 | 9 |
| IV | 6 | 5 | 20 |
| Total | 16 | 15 | 31 |

## 2025-26

| Class | Boys | Girls | Total |
|---|---|---|---|
| I | 2 | 6 | 8 |
| II | 3 | 4 | 7 |
| III | 3 | 0 | 3 |
| IV | 3 | 6 | 9 |
| Total | 11 | 16 | 27 |

## 2024-25

| Class | Boys | Girls | Total | SC | ST | OBC | Others | Muslims |
|---|---|---|---|---|---|---|---|---|
| I | 4 | 4 | 8 | - | - | 7 | - | 1 |
| II | 3 | 0 | 3 | - | - | 3 | - | - |
| III | 3 | 6 | 9 | 0 | 0 | 5 | - | 4 |
| IV | 6 | 5 | 11 | - | - | 7 | 2 | 2 |
| Total | 16 | 15 | 31 | 0 | 0 | 22 | 2 | 7 |

## 2025-26

| Class | Boys | Girls | Total | SC | ST | OBC | Others | Muslims |
|---|---|---|---|---|---|---|---|---|
| I | 2 | 6 | 8 | - | - | 5 | 2 | 1 |
| II | 3 | 4 | 7 | - | - | 7 | - | - |
| III | 3 | 0 | 3 | - | - | 3 | - | - |
| IV | 3 | 6 | 9 | - | - | 5 | - | 4 |
| Total | 11 | 16 | 27 | - | - | 20 | 2 | 5 |

പ്രവർത്തനം -1

പേര് : കുട്ടിയെ അറിയൽ

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും കഴിയുന്നു എന്ന് ഉറപ്പ് വരുത്തുന്നു. | • പ്രീ ടെസ്റ്റ് നടത്തുന്നു.<br>• പിന്നാക്കക്കാരെ കണ്ടെത്തി അക്ഷരം ഉറപ്പിക്കുന്നു.<br>• അക്ഷര കാർഡുകൾ നൽകി വാക്കുകൾ രൂപീകരിക്കുന്നു.<br>• പദസൂര്യൻ നിർമ്മാണം<br>• വാക്യ കേളി<br>• വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ,എഴുതൽ<br>• ആഭരണമണിയിക്കൽ<br>• ചിത്രവായന<br>• ഓട്ടവായന | ജൂൺ<br>ജൂലൈ | ക്ലാസ് ടീച്ചർ | പഠനസാമഗ്രികൾ ഒരുക്കുന്നതിനാവശ്യമായ ചെലവ് |

പ്രവർത്തനം -2

പേര് : പതിപ്പ് നിർമ്മാണം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തൽ. സർഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരം നൽകി പൊതു സമൂഹവുമായി പങ്കുവെക്കൽ | അതത് ക്ലാസ് മുറികളിൽ പഠന പ്രവർത്തനത്തിന്റെ ഭാഗമായി നടക്കേണ്ട രചന പ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി നടത്തൽ.ഇതിനായി ഒരു യൂണിറ്റിലെ സർഗാത്മക രചന സാധ്യതകൾ അതത് ക്ലാസിലെ അധ്യാപകർ ലിസ്റ്റ് ചെയ്യൽ.ക്ലാസ് മുറിയിൽ പ്രയോഗിക്കൽ,രചനകൾ ചേർത്ത് പതിപ്പാക്കൽ,പതിപ്പുകൾ കൈമാറി വായിക്കൽ, സി.പി.ടി.എ-യിൽ അവതരിപ്പിക്കൽ.മികവുകളും പോരായ്മകളും ചർച്ച,പരിഹാര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് തല പതിപ്പുകൾക്കുള്ള ചിലവ് |

**പ്രവർത്തനം – 3**

**പേര്** : **വായിക്കാം ഓർമിക്കാം**

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാതൃഭാഷ വായിച്ച് ആശയം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും ആവശ്യമായ വായനാനുഭവം ഒരുക്കുന്നതിന് | • വായന പരിപോഷണം<br>• ക്ലാസ് റൂം ലൈബ്രറി ശാക്തീകരണം<br>• അനുയോജ്യമായ വായനാ സാമഗ്രികളുടെ ശേഖരണം<br>• കുട്ടികളുടെ വായനാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമായ വായനാ സാമഗ്രികളുടെ നിർമ്മാണം<br>• വായന പ്രവർത്തനങ്ങൾ ആസൂത്രണവും നിർമ്മാണവും | ആഗസ്ത്- മാർച്ച് | വിദ്യാരംഗം കൺവീനർ<br>ക്ലാസ് ടീച്ചർ<br>പ്രഥമധ്യാകൻ<br>പി.ടി.എ | സ്പോൺസർഷിപ്പ്<br><br>വായനാ സാമഗ്രികൾ നിർമ്മാണത്തിനാവശ്യമായ ചിലവ് |
| | • വായിച്ച കഥ ഓർത്ത് പറയൽ,എഴുതൽ<br>• വായനാകുറിപ്പ് തയ്യാറാക്കൽ,അവതരിപ്പിക്കൽ<br>• വായനാ പുരോഗതി വിലയിരുത്തൽ,പ്രോത്സാഹനം | മാർച്ച് | പി.ടി.എ<br>പ്രഥമധ്യാപകൻ | സമ്മാനങ്ങൾ നൽകാൻ ആവശ്യമായ ചിലവ് |

**പ്രവർത്തനം – 4**

**പേര്** :**വായനാമൂല**

**മേഖല** : **അക്കാദമികം**

**ഉപമേഖല** : **ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനമൂല സജീവമാക്കൽ | ബാല സാഹിത്യ മാസികകൾ, യുറീക്ക, കളിക്കുടുക്ക, ഡൈജസ്റ്റ്, തത്തമ്മ, പത്രങ്ങൾ എന്നിവ വായനാമൂലയിൽ സ്പോൺസർഷിപ്പിലൂടെ എത്തിക്കൽ | ജൂൺ–മാർച്ച് | പ്രഥമധ്യാപകൻ<br>പി.ടി.എ | സ്പോൺസർമാർ വഴി കണ്ടെത്തൽ |

പ്രവർത്തനം – 20
പേര് : കുട നിർമ്മാണം
മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണ പ്രവർത്തനങ്ങളിൽ നൈപുണി കൈവരിക്കൽ | കുട്ടികൾക്കും രക്ഷിതാക്കൾക്കും കുട നിർമ്മാണ പരിശീലനം | മദ്ധ്യവേനലവധിക്കാലം രണ്ട് ദിവസം (ഏപ്രിൽ) | എസ്.ആർ.ജി. പി.ടി.എ | |

പ്രവർത്തനം – 21
പേര് : മെഡിക്കൽ ക്യാമ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും നാട്ടുകാർക്കും വേണ്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്നു വീതം | വിദ്യാലയ വികസന സമിതി | 10000 സ്പോൺസർഷിപ്പ് |

## പ്രവർത്തനം : 35

പേര് : സർഗാത്മകത
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • നേടിയ ആശയങ്ങൾ സ്വാതന്ത്ര്യമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കുക. അഭിനയശേഷി അവതരിപ്പിക്കൽ | • ക്ലാസ് ലൈബ്രറി ശാക്തീകരണം<br>• സംയുക്ത ഡയറി<br>• വായനാമത്സരം<br>• രചനോത്സവം<br>• കാവ്യാവിഷ്ക്കാരം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| • സംയുക്ത ഡയറി<br>• സ്വതന്ത്ര ഡയറി<br>• സർഗാത്മക ഡയറി | • ഡയറി വിലയിരുത്തൽ<br>• സചിത്ര നോട്ട് അവലോകനം<br>• കുഞ്ഞു പുസ്തകങ്ങൾ<br>• വായനാകാർഡുകൾ പരിചയപ്പെടുത്തൽ<br>• സർഗാത്മകഡയറി എഴുതൽ | " | " | |
| • പാട്ടരങ്ങ് | • ഈണം കണ്ടെത്താം<br>• പാടി രസിക്കാം | " | " | |
| • കാവ്യോത്സവം | • വാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാട്ടരങ്ങ് | | | |
| • കുട്ടികളിലെ സർഗ്ഗവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കൽ | • വിദ്യാരംഗം | | | |
| • വിവര സാങ്കേതിക വിദ്യയിൽ കുട്ടിയെയും അധ്യാപികയേയും ശാക്തീകരിക്കുക | • കളിപ്പെട്ടി പരിശീലനം<br>• ICT സാധ്യതകൾ കണ്ടെത്തൽ<br>• റേഡിയോ മാഗോ ബൂത്ത് | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പഠനോപകരണങ്ങൾ നിർമ്മിക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ ഉറപ്പാക്കുക. | • പഠനോപകരണ ശില്പശാല (സചിത്ര പുസ്തകം) | | | |
| • റീഡേഴ്സ് തിയേറ്റർ | • പാഠപുസ്തകത്തിലെ കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു | പ്രതിമാസം | ക്ലാസ് ടീച്ചർ | |

| English Fest | Activities | Year | Class in Charge | Finance |
|---|---|---|---|---|
| Aim<br>To listen speak , Read and write English without , mistake | • English assembly<br>• Identify the naming word from the Picture<br>• Read and understand<br>• Simple stories<br>• English Grammer (Puzzles) Rhymes<br>• English Fest | June- March | Class teacher | |

# മോണിറ്ററിംഗ്

വിദ്യാലയ വികസന സമിതി, ചെയർമാൻ, പി.ടി.എ പ്രസിഡന്റ്, മദർ പി.ടി.എ പ്രസിഡന്റ്, ഹെഡ്മാസ്റ്റർ, വിദ്യാലയ സംരക്ഷണ സമിതി കൺവീനർ, എസ്.ആർ.ജി കൺവീനർ എന്നിവർ ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ ഉപദേശനിർദേശങ്ങൾ നല്കേണ്ടതാണ്. തുടർപ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ ആസൂത്രണം ചെയ്യണം.

# ഉപസംഹാരം

നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹ്രസ്വകാല ദീർഘ കാല പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്. മിക്ക പ്രവർത്തനങ്ങളും തുടർന്ന് വരുന്ന ഓരോ വർഷവും ഏറ്റെടുത്ത് നടത്തേണ്ടവയാണ്. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അന്തിമ രേഖയായിരിക്കില്ല. ഉയർന്നു വരുന്ന അക്കാദമിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ നവീകരിക്കപ്പെടുന്നതും ശാസ്ത്രീയമാക്കപ്പെടുന്നതുമായ രേഖയായിരിക്കും. പൊതു ഇടങ്ങൾ എല്ലാം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പ്രദേശത്തെ പൊതുയിടമായ നമ്മുടെ വിദ്യാലയത്തെ നമുക്ക് ഒത്തൊരുമിച്ച് സംരക്ഷിക്കാം. . . . മികവിന്റെ കേന്ദ്രമാക്കി വളർത്താം. . .

സ്നേഹാദരങ്ങൾ.